بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 25.02.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 11

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِکِ يَوۡمِ الدِّيۡنِ ۝ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)നെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നു വരുന്നത്. ദുൽഖഅദഃ മാസം അവസാനിക്കൻ ആറു ദിവസം ബാക്കിയുള്ളപ്പോൾ ഒരു വ്യാഴാഴ്ചയോ ശനിയാഴ്ചയോ തിരുനബി(സ) ഹജ്ജത്തുൽ വിദാഇനുവേണ്ടി പുറപ്പെട്ടു. ആ അവസരത്തിൽ ഹദ്റത് അബൂബക്കർ(റ) പറഞ്ഞു: യാ റസൂലുല്ലാഹ് എന്റെ പക്കൽ ഒരു ഒട്ടകമുണ്ട്. നമുക്കതിൽ നമ്മുടെ പാഥേയങ്ങൾ വെക്കാം. അങ്ങനെ ചെയ്തുകൊള്ളുകയെന്നു നബി(സ) പറഞ്ഞു. ഹദ്റത് അബൂബക്കർ(റ)ന്റെ ഭൃത്യനിൻ നിന്നും ആ ഒട്ടകം നഷ്ടപ്പെട്ടതറിഞ്ഞപ്പോൾ ഹദ്റത് അബൂബക്കർ(റ) അയാളെ അടിക്കാനായി എഴുന്നേറ്റു. നബി(സ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: ഈ ഇഹ്റാം ധരിച്ച വ്യക്തി എന്താണ് ചെയ്യുന്നത് എന്ന് നോക്കുക. നബി(സ)യുടെ പാഥേയം നഷ്ടപ്പെട്ടിരിക്കുന്നു എന്ന് സ്വഹാബാക്കൾക്ക് അറിവ് ലഭിച്ചപ്പോൾ അവർ ഈന്തപ്പഴവും ഗോതമ്പ് പൊടിയും വെണ്ണയുംകൊണ്ട് തയ്യാറാക്കുന്ന ഹൈസ് എന്ന സ്വാദിഷ്ടമായ ഹൽവ കൊണ്ട് വന്നു.

ഹദ്റത് അബൂബക്കർ(റ) തന്റെ ഭൃത്യനോട് ദേഷ്യപ്പെടുന്നതിനെ വിലക്കിക്കൊണ്ട് നബി(സ) പറഞ്ഞു: അബൂബക്കർ സൗമ്യനാകുക. അതിനുശേഷം സംഘത്തിന് പിന്നിൽ നടക്കുക എന്ന് ചുമതലപ്പെടുത്തിയിരുന്ന ഹദ്റത് സഫ്‌വാൻ ബിൻ മുഅത്തൽ(റ) എത്തിയപ്പോൾ അദ്ദേഹത്തോടൊപ്പം ഒട്ടകവും ഉണ്ടായിരുന്നു.

ഹജ്ജത്തുൽ വിദാഅ് സന്ദർഭത്തിൽ ദുൽഹുലൈഫയിൽ എത്തിയപ്പോൾ ആണ് ഹദ്റത് അബൂബക്കർ(റ)നു തന്റെ പത്നി അസ്മാ ബിൻത് അമീസ്(റ)യിലൂടെ മുഹമ്മദ് ബിൻ അബൂബക്കർ ജനിച്ചത്. (കുട്ടി ജനിച്ചിരിക്കുന്ന വിവരം അറിഞ്ഞപ്പോൾ) നബി(സ) പറഞ്ഞു: അസ്മ കുളിച്ചതിനുശേഷം ഹജ്ജിനുള്ള ഇഹ്റാം കെട്ടുക. ബൈത്തുല്ലായുടെ ത്വവാഫ് ഒഴികെ ഹാജിമാർ ചെയ്യുന്ന എല്ലാ കർമവും ചെയ്യുക.

നബി(സ) അസ്ഫാൻ താഴ്‌വരയിൽ എത്തിയപ്പോൾ അബൂബക്കർ(റ)നോട്, ഹദ്റത് ഹൂദ്(അ)ന്റെയും ഹദ്റത് സ്വാലിഹ്(അ)ന്റെയും സംഭവങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു: ഇവിടെ നിന്നാണ് രണ്ടു പേരും തക്ബീർ ചൊല്ലിക്കൊണ്ട് ബൈത്തുൽ അത്തീഖിലേക്ക് ഹജ്ജിനുവേണ്ടി പുറപ്പെട്ടത്. ഹജ്ജത്തുൽ വിദാഇന്റെ യാത്രയിൽ ഖുർബാനിയുടെ മൃഗങ്ങൾ ഉണ്ടായിരുന്നവരിൽ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)വും ഉൾപ്പെട്ടിരുന്നു.

നബി(സ) തന്റെ അവസാന രോഗാവസ്ഥയിൽ പറഞ്ഞു: അബൂബക്കറിനോട് ജനങ്ങൾക്ക് നമസ്കരിപ്പിക്കാൻ വേണ്ടി പറയുക. തിരുനബിയുടെ സ്ഥലത്ത് അബൂബക്കർ(റ) നിന്നാൽ കരച്ചിൽ അടക്കിനിർത്താൻ കഴിയാതെ വരുമെന്നു കരുതിക്കൊണ്ട് ഹദ്റത് ആയിശ(റ) ഹദ്റത് ഹഫ്സ(റ)യോടു പറഞ്ഞു: ഹദ്റത് ഉമർ(റ)നോട് നമസ്കരിപ്പിക്കാൻ പറഞ്ഞാലും. നബി(സ) അത് ഇഷ്ടപ്പെടാതെ പറഞ്ഞു: അബൂബക്കറിനോട് പറയുക അദ്ദേഹം തന്നെ നമസ്കരിപ്പിക്കേണ്ടതാണ എന്ന്. ആ ദിനങ്ങളിൽ നബി(സ) തന്റെ രോഗാവസ്ഥയിൽ കുറച്ച് ശമനം തോന്നിയപ്പോൾ പള്ളിയിലേക്കു വന്നു. നമസ്കരിപ്പിക്കുകയായിരുന്ന അബൂബക്കർ(റ) നബി(സ)യെ കണ്ടപ്പോൾ പിന്നിലേക്ക് മാറി. അപ്പോൾ നബി(സ) അദ്ദേഹത്തോട് തൽസ്ഥാനത്ത് തന്നെ നിൽക്കാൻ ആഗ്യം കാണിക്കുകയും അബൂബക്കറിന്റെ അടുത്ത് ഒരു വശത്ത് ഇരിക്കുകയും ചെയ്തു. ഹദ്റത് അബൂബക്കർ(റ) റസൂലുല്ലാഹ്(സ)ന്റെ നമസ്കാരത്തോടൊപ്പവും ജനങ്ങൾ ഹദ്റത് അബൂബക്കർ(റ)ന്റെ നമസ്കാരത്തോടൊപ്പവും (ഒരേ സമയം) നമസ്കരിക്കുകയുണ്ടായി.

സഹീഹ് ബുഖാരിയിൽ മറ്റൊരു നിവേദനം ഇങ്ങനെയാണ്, നബി(സ) വഫാത്തായ ദിവസം നബി(സ) തന്റെ കൂടാരത്തിന്റെ മറ നീക്കിക്കൊണ്ട് നമസ്കാരക്കാരെ കണ്ട് പുഞ്ചിരിക്കുകയുണ്ടായി. നബി(സ) നമസ്കാരത്തിനുവേണ്ടി പുറത്തേക്ക് വരുന്നു എന്നു കരുതി ഹദ്റത് അബൂബക്കർ(റ) പിന്നിലേക്ക് മാറാൻ തുടങ്ങി. പക്ഷേ നബി(സ) ആഗ്യം കാണിച്ചുകൊണ്ട് നമസ്കാരം പൂർത്തിയാക്കാൻ നിർദേശിക്കുകയും മറ താഴ്ത്തുകയും ചെയ്തു.

തിരുനബി(സ)യുടെ വഫാത്തിന്റെ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) സൻആയിൽ ആയിരുന്നു.

(വഫാത്തിന്റെ) വാർത്തയറിഞ്ഞപ്പോൾ ഹദ്റത് ഉമർ(റ) എഴുന്നേൽക്കുകയും അല്ലാഹുവാണെ, തിരുനബി(സ) വഫാത്തായിയിട്ടില്ലെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. ഇത്രയുമായപ്പോഴേക്കും ഹദ്റത് അബൂബക്കർ(റ) വന്നു. അദ്ദേഹം നബി(സ)ന്റെ മുഖത്തു നിന്ന് തുണി മാറ്റി; നബി(സ)നെ ചുംബിച്ചു. എന്നിട്ട് പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങേക്കു തെണ്ടമായിരിക്കട്ടെ. അങ്ങ് ജീവിതത്തിലും മരണവേളയിലും ഏറെ പരിശുദ്ധനാകുന്നു. എന്റെ ജീവൻ കയ്യിലിരിക്കുന്നവനാണെ സത്യം, അല്ലാഹു താങ്കൾക്കു രണ്ടു മരണം രുചിപ്പിക്കുന്നതല്ല. ഇത്രയും പറഞ്ഞ് ഹദ്റത് അബൂബക്കർ(റ) പുറത്തേക്ക് വന്നിട്ട് ഹദ്റത് ഉമർ(റ)നോടു പറഞ്ഞു: അല്ലയോ ശപഥം ചെയ്യുന്ന മനുഷ്യാ. അല്പം ക്ഷമിക്കുക. ഹദ്റത് അബൂബക്കർ(റ) അല്ലാഹുവിനെ സ്തുതിച്ചതിനുശേഷം പറഞ്ഞു: നോക്കുക, ആരെങ്കിലും മുഹമ്മദ്(സ)നെ ആരാധിക്കുന്നുവെങ്കിൽ കേട്ടുകൊള്ളുക; മുഹമ്മദ്(സ) തീർച്ചയായും മരിച്ചുപോയിരിക്കുന്നു. എന്നാൽ ആരെങ്കിലും അല്ലാഹുവിനെ ആരാധിക്കുന്നുവെങ്കിൽ അയാൾ ഓർക്കുക; അല്ലാഹു ജീവനുള്ളവൻ ആകുന്നു. അവൻ ഒരിക്കലും മരിക്കുന്നതല്ല. ഹദ്റത് അബൂബക്കർ(റ) ഈ ആയത്ത് ഓതുകയുണ്ടായി. اِنَّكَ مَيِّتٌ وَّاِنَّهُمْ مَّيِّتُوْنَ ۝٣١

നിങ്ങളും മരിക്കേണ്ടവരാണ് അവരും മരിക്കേണ്ടവരാണ്. പിന്നെ അദ്ദേഹം ഈ ആയത്ത് പാരായണം ചെയ്തു.

وَمَا مُحَمَّدٌ اِلَّا رَسُوْلٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۗ اَفَاۡئِنْ مَّاتَ اَوْ قُتِلَ انْقَلَبْتُمْ عَلٰٓى اَعْقَابِكُمْ ۗ

മുഹമ്മദ്(സ) ഒരു പ്രാവാചകൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് വന്നിട്ടുള്ള എല്ലാ പ്രാവാചകന്മാരും മരിച്ചുപോയിരിക്കുന്നു. എന്നിരിക്കെ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുകളയുമോ... ഇത് കേട്ടപ്പോൾ ജനങ്ങൾ തേങ്ങി തേങ്ങി കരയുകയായിരുന്നു. ഹദ്റത് ഇബ്നു അബ്ബാസ്(റ) പറയുന്നു: അല്ലാഹുവാണെ, ഹദ്റത് അബൂബക്കർ(റ)ൽ നിന്നാണ് ഈ ആയത്ത് ജനങ്ങൾ പഠിച്ചത് എന്നു തോന്നിപ്പോയി. തുടർന്ന് കാണുന്നവരൊക്കെ ഈ ആയത്ത് ഓതുന്ന കാഴ്ച്ചയായിരുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത് അബൂബക്കർ(റ) മുകളിൽ വിവരിച്ച രണ്ടു ആയത്തുകളും ഓതിയപ്പോൾ സ്വഹാബാക്കൾക്ക് യാഥാർഥ്യം ബോധ്യപ്പെടുകയും അവർ അനിയന്ത്രിതമായി കരയുകയും ചെയ്തു. ഹദ്റത് ഉമർ(റ) പറയുന്നു: ഹദ്റത് അബൂബക്കർ(റ)ന് ആ രണ്ടു ആയത്തുകളും അന്നേ ദിവസമാണ് ഇറങ്ങിയത് എന്നെനിക്ക് തോന്നിപ്പോയി. എന്റെ കാൽ മുട്ടുകൾക്ക് എന്നെ പിടിച്ച് നിർത്താനുള്ള കഴിവുണ്ടായിരുന്നില്ല. എന്റെ കാലുകൾ തളർന്നു. ഞാൻ അനിയന്ത്രിതമായ ശക്തമായ സങ്കടം കാരണം നിലത്തേക്ക് വീണു.

മുസ്‌ലിംകൾക്കിടയിൽ ഉണ്ടായ ഈ ആദ്യത്തെ ഇജ്മാഅ് അഥവാ ഏകോപിച്ച അഭിപ്രായത്തെ സംബന്ധിച്ച് ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സ്വഹാബാക്കളുടെ ഒരേ ഒരു ഇജ്മാഅ് ഇത് മാത്രമാണ്. ആ സമയത്ത് എല്ലാ സ്വഹാബാക്കളും സന്നിഹിതരായിരുന്നു. അത്തരം ഒരു സമയം മുസ്‌ലിംകൾക്ക് ഒരിക്കലും വന്നിട്ടുണ്ടായിരുന്നില്ല. പിന്നെ മുസ്‌ലിംകൾ ഒരിക്കലും ഇങ്ങനെ ഒരുമിച്ച് കൂടിയിട്ടുമില്ല. ഹദ്റത് അബൂബക്കർ(റ) (മുമ്പു വന്ന എല്ലാ പ്രവാചകൻമാരും മരണപ്പെട്ടിരിക്കുന്നു എന്ന) ആയത്ത് പാരായണം ചെയ്തപ്പോൾ എല്ലാ സ്വഹാബാക്കളും അദ്ദേഹത്തോടൊപ്പം ഐക്യപ്പെടുകയാണ് ചെയ്തത്.

ഹദ്റത് മസീഹ് മൗഊദ്(അ) ഇതേ കാര്യം വിവരിച്ച്കൊണ്ട് പറയുന്നു: ഹദ്റത് അബൂബക്കർ(റ)ന്റെ ഈ ഉമ്മത്തിന് മേലുള്ള ഈ വലിയ ഒരു ഔദാര്യത്തിന് നന്ദി പ്രകടിപ്പിക്കാൻ സാധ്യമല്ല. അദ്ദേഹം എല്ലാ സ്വഹാബാക്കളെയും(റ) മസ്ജിദ് നബവിയിൽ ഒരുമിച്ച് കൂട്ടി, മുൻകാല പ്രവാചകൻമാരെല്ലാം മരണപ്പെട്ടിരിക്കുന്നു എന്ന ആയത്ത് ഓതിക്കേൾപ്പിച്ചില്ലായിരുന്നു എങ്കിൽ ഈ സമുദായം നാശമടഞ്ഞേനെ. കാരണം അത്തരം ഒരവസ്ഥയിൽ ഇക്കാലഘട്ടത്തിലെ കുഴപ്പക്കാരായ പണ്ഡിതന്മാർ ഹദ്റത് ഈസാ(അ) ജീവിച്ചിരിക്കുന്നു എന്നും സ്വഹാബാക്കൾക്കും അതേ അഭിപ്രായമാണെന്നും പറയുമായിരുന്നു. എന്നാൽ സിദ്ധീഖ് അക്ബർ മേൽ ഉദ്ധരിച്ച ആയത്ത് സമർപ്പിച്ചതിൽ നിന്ന് എല്ലാ സ്വഹാബാക്കളുടെയും ഏകോപിപ്പിച്ച അഭിപ്രായം എല്ലാ പ്രാവാചകന്മാരും മരിച്ചുപോയി എന്നായി.

ഹദ്റത് അബുബക്കർ(റ)ന്റെ ഖിലാഫത്തിനെ സംബന്ധിച്ച് ഇങ്ങനെ വന്നിട്ടുണ്ട്, സ്വഹാബാക്കൾക്ക് റസൂൽ കരീം(സ) വഫാത്തായെന്ന് അറിവ് കിട്ടിയപ്പോൾ അൻസാറുകൾ സഖീഫ ബനീ സാഅദയിൽ ഒരുമിച്ച് കൂടി. സഅദ് ബിൻ ഉബാദയെ ഖിലാഫത്തിന് അനുയോജ്യനാണെന്നു തീരുമാനിച്ചു. മുഹാജിറുകൾ ഇദ്ദേഹത്തിന് ബൈഅത്ത് ചെയ്തില്ലെങ്കിൽ എന്ത് സംഭവിക്കും എന്ന് ചോദിച്ചപ്പോൾ, ഒരാൾ അൻസാറിൽ നിന്നും ഒരാൾ മുഹാജിറിൽ നിന്നും ഖലീഫയാകട്ടെ എന്നായിരുന്നു അഭിപ്രായപ്പെട്ടത്. എന്നാൽ ഹദ്റത് സഅദ് ഇബ്നു ഉബാദ(റ) അത് ബനൂഔസിന്റെ ദൗർബല്യമാണെന്ന് പറയുകയുണ്ടായി.

അൻസാറുകൾ സഖീഫ ബനൂ സാഅദയിൽ ഖിലാഫത്തിനെ സംബന്ധിച്ച് ചർച്ച നടത്തുമ്പോൾ ഹദ്റത് ഉമർ(റ), ഹദ്റത് അബൂഉബൈദ ബിൻ ജറാഹ്(റ) തുടങ്ങിയ ഉന്നത സ്വഹാബാക്കൾ മസ്ജിദ് നബവിയിൽ തിരുനബി(സ) ന്റെ വിയോഗത്തിൽ വന്ന വലിയ ദുഖത്തെ സംബന്ധിച്ചുള്ള ചർച്ചയിൽ ആയിരുന്നു.

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)വും ഹദ്റത് അലി(റ)വും മറ്റ് അഹ്‌ലെ ബൈത്തുകാരും നബി(സ)നെ കുളിപ്പിക്കുന്നതിനും കഫൻ ചെയ്യുന്നതിനുമുള്ള കാര്യങ്ങളിൽ വ്യാപൃതരായിരുന്നു.

അൻസാറുകൾ ഒരുമിച്ച് കൂടിയതായി മുഹാജിറുകളായ സ്വഹാബത്തിനു അറിവ് ലഭിച്ചപ്പോൾ ഹദ്റത് ഉമർ, ഹദ്റത് അബൂബക്കർ, ഹദ്റത് അബുഉബൈദ(റ) എന്നിവർ സഖീഫ ബനൂസഅദയിൽ എത്തി. അവിടെ അപ്പോൾ ചർച്ച നടക്കുകയായിരുന്നു. ആ അവസരത്തിൽ ഹദ്റത് അബൂബക്കർ(റ) വാഗ്‌വൈഭവത്തോടെ ഒരു പ്രഭാഷണം നടത്തി. അതിൽ അറബികളുടെ കഴിഞ്ഞ അവസ്ഥകളും, ആദ്യകാല മുഹാജിരീങ്ങൾ നബി(സ)നെ സത്യപ്പെടുത്തിയ സാഹചര്യങ്ങളും, പിന്നീട് അൻസ്വാറുകളുടെ ഇസ്‌ലാം സ്വീകരണവും നബി(സ)യെ സഹായിക്കാനുള്ള മഹാമനസ്കതയും വിവരിച്ചു. അൻസ്വാറുകളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ആദ്യകാല മുഹാജിരീങ്ങൾക്ക് ശേഷം ഞങ്ങളുടെ വീക്ഷണത്തിൽ നിങ്ങളുടെ സ്ഥാനത്ത് ആരും ഇല്ല. അമീർ ഞങ്ങളിൽ നിന്നായിരിക്കും നിങ്ങൾ സഹായികളായിരിക്കും. എല്ലാ പ്രധാന കാര്യങ്ങളിലും നിങ്ങളുമായി കൂടിയാലോചിക്കുന്നതാണ്. നിങ്ങളെ കൂടാതെ സുപ്രധാനമായ ഒരു കാര്യത്തിലും തീരുമാനം എടുക്കുന്നതുമല്ല. പിന്നെ ഹദ്റത് അബൂബക്കർ(റ) പറഞ്ഞു: നബി(സ) ഒരിക്കൽ പറഞ്ഞത് നിങ്ങൾക്കറിയില്ലേ? ജനങ്ങൾ ഒരു താഴ്‌വരയിലൂടെ സഞ്ചരിക്കുകയും അൻസാറുകൾ മറ്റൊരു താഴ്‌വരയിലൂടെ സഞ്ചരിക്കുകയുമാണെങ്കിൽ ഞാൻ അൻസാറുകളുടെ താഴ്‌വരയിലൂടെ സഞ്ചരിക്കുന്നതാണ്. പിന്നെ ഹദ്റത് സഅ്ദിനെ അഭിസംബോധന ചെയ്തുകൊണ്ട് ഹദ്റത് അബൂബക്കർ(റ) പറഞ്ഞു: അല്ലയോ സഅദ്, ഖുറൈശികൾ ആയിരിക്കും ഖിലാഫത്തിന്റെ അവകാശികൾ എന്ന് താങ്കൾ ഇരിക്കുകയായിരുന്നപ്പോൾ നബി(സ) പറഞ്ഞത് താങ്കൾ ഓർക്കുന്നുവോ? ഹദ്റത് സഅദ് പറഞ്ഞു: താങ്കൾ സത്യമാണ് പറഞ്ഞത്. ഞങ്ങൾ മന്ത്രിമാരും നിങ്ങൾ അമീർമാരുമാണ്.

ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്. നിലവിലെ ലോകത്തിന്റെ അവസ്ഥകളെ സംബന്ധിച്ച് ഞാൻ ദുആക്ക് വേണ്ടി പറയാൻ ആഗ്രഹിക്കുന്നു. ലോകത്തിന്റെ അവസ്ഥ വളരെ ഭയാനകമാണ്. ഇത് ഇങ്ങനെ തന്നെ തുടരുകയാണെങ്കിൽ കേവലം ഒരു രാജ്യമല്ല മറിച്ച് നിരവധി രാജ്യങ്ങൾ ഇതിൽ ഭാഗഭാക്കാകുന്നതാണ്. അതിന്റെ ഭീകരമായ പര്യവസാനത്തിന്റെ സ്വാധീനം തലമുറകളോളം നിലനിൽക്കുന്നതായിരിക്കും. ഇവർ അല്ലാഹുവിനെ തിരിച്ചറിയുന്നവരാകുമാറാകട്ടെ. തങ്ങളുടെ ഭൗതീക ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന്നായി മനുഷ്യകുലത്തിന്റെ ജീവനെ പന്താടുന്നവരായി ഇവർ മാറാതിരിക്കട്ടെ. നമുക്ക് ദുആ ചെയ്യാൻ കഴിയും, ചെയ്യുന്നുമുണ്ട്. മനസ്സിലാക്കിക്കൊടുക്കാൻ കഴിയും അതും ചെയ്യുന്നു. നീണ്ട കാലമായി നമ്മൾ ഇത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഏതായിരുന്നാലും ഈ ദിവസങ്ങളിൾ പ്രത്യേകമായും അഹ്മദികൾ കൂടുതലായി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. യുദ്ധത്തിന്റെ സങ്കൽപ്പിക്കാനാകാത്ത തീവ്രമായ നാശത്തിൽ നിന്നും മാനവ സമൂഹത്തെ അല്ലാഹു കാത്തുരക്ഷിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് സിറാലിയോണിലും ഗിനികാനാകരിയിലും മുബല്ലിഗ് ആയിരുന്ന ഖുശി മുഹമ്മദ് ശാക്കിർ ്സാഹിബിനെ അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ ദിവസങ്ങളിൽ 69 ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹ്....

മർഹൂം സൽസ്വഭാവിയും ലാളിത്യമുള്ളയാളും പ്രാർഥനാ നിരധനും ഇബാദത്തുകളിൽ കൃത്യതയുള്ളയാളും ആത്മാർഥനും നിസ്വാർഥനും ഉദാരമതിയും ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമുള്ളയാളും ആയിരുന്നു. അവേശമുള്ള ദാഇഊ ഇലല്ലായും ആയിരുന്നു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 25.02.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**